(ബി) എ. വിഭാഗത്തിന്റെ ഉത്തരവിൽ പരാമർശിക്കുന്ന വിവിധ പദ്ധതികളിലൂടെ 1185 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും സ്വയം തൊഴിൽ ചെയ്യുന്നതിനോ, മറ്റ് സ്ഥാപനങ്ങളിൽ തൊഴിൽ നേടുന്നതിനോ അവരെ പ്രാപ്തരാക്കുകയും ചെയ്യുകയെന്നതായിരുന്നു ഉദ്ദേശിച്ചിരുന്നത്.

(സി) ഇക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണവും റിപ്പയറിംഗും എന്ന പദ്ധതിയൊഴികെ ബാക്കി പദ്ധതികളെല്ലാം പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) 2003-04 സാമ്പത്തിക വർഷത്തിൽ 617 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്.

അമൃതപോഷിണി പദ്ധതി

90 [909] ശ്രീ. ജോർജ്ജ് ജെ. മാത്യു:
,, വർക്കല കഹാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ അമൃതപോഷിണി എന്ന പദ്ധതി ഉണ്ടായിരുന്നോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എന്നാണ് ആരംഭിച്ചത്;

(ഡി) പദ്ധതിപ്രകാരം നൽകിയിരുന്ന മുട്ട, പാൽ എന്നിവയുടെ വിതരണം എന്നാണ് നിലച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ 78 ഗ്രാമപഞ്ചായത്തുകളിലായി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഏകദേശം 30,000 മൂന്ന് വയസ്സിനു താഴെയുള്ള ശിശുക്കൾക്കും ഏകദേശം 14,000 ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും വേണ്ടിയുള്ള ആരോഗ്യ പരിരക്ഷയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. ഇതിനായി മുഴുവൻ ഗുണഭോക്താക്കൾക്കും ആഴ്ചയിൽ ഒരു ദിവസം മുട്ടയും പാലും നൽകുക, സൗജന്യ വൈദ്യ പരിശോധനയും ആവശ്യമായ മരുന്നുകളും വൈറ്റമിനുകളും നൽകുക, രോഗപ്രതിരോധ കുത്തിവയ്പ് നൽകുക, ആരോഗ്യ പോഷകാഹാര വിദ്യാഭ്യാസം നൽകുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) 2004 ജനുവരി മാസത്തിൽ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2004 ഏപ്രിൽ മാസം വരെ മുട്ടയും പാലും വിതരണം ചെയ്തിരുന്നു. മെയ് മാസത്തിൽ പാൽ വിതരണം ഭാഗികമായി നടത്തി. മേയ് 20 മുതൽ പോഷകാഹാര വിതരണം നടക്കുന്നില്ല. ഇതൊരു തുടർപദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും 2004-05 വർഷത്തിൽ ബിൽ സമ്പ്രദായം നിലവിൽ വരുന്നതിനെത്തുടർന്ന് പ്ലാൻ ഫണ്ട് വിനിയോഗിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ പദ്ധതി താൽക്കാലികമായി നിറുത്തി വച്ചിരിക്കുകയാണ്.

ആശ്രിത നിയമനപ്രകാരം പഞ്ചായത്ത് വകുപ്പിൽ നിയമനം

91 [910] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനപ്രകാരം പഞ്ചായത്ത് വകുപ്പിൽ 12-11-2001-നു ശേഷം അപേക്ഷ നൽകിയ എത്ര പേർക്ക് നിയമനം നൽകി; എത്ര പേർക്കാണ് ഇനി നിയമനം നൽകാനുള്ളത്;

(ബി) നിയമനം നൽകുന്നത് അപേക്ഷ ലഭിക്കുന്ന മുൻഗണനാക്രമത്തിലാണോ; എങ്കിൽ അപേക്ഷകന്റെ കുറ്റം കൊണ്ടല്ലാതെ ഉണ്ടാകുന്ന കാലതാമസം മൂലം ജോലി ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പാലക്കാട് ജില്ലയിൽ പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ പ്യൂൺ തസ്തികയിൽ ജോലിയിലിരിക്കെ മരണപ്പെട്ട ശ്രീ. ചെല്ലന്റെ മകൻ സി. ജയേഷിന്റെ ആശ്രിത നിയമന പ്രകാരമുള്ള ജോലിക്ക് അപേക്ഷ ലഭിച്ചത് എന്നായിരുന്നു;

(ഡി) പ്രസ്തുത അപേക്ഷയിൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൗണ്ടർസൈൻ ചെയ്തില്ല എന്നതിന്റെ പേരിൽ പ്രസ്തുത അപേക്ഷ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും തിരിച്ചയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അപേക്ഷകന്റെ കുറ്റം കൊണ്ടല്ലാതെ ജോലി ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(എഫ്) പാലക്കാട് ജില്ലയിൽ ഇത്തരത്തിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാനുണ്ട്; അവയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) 12-11-2001-നു ശേഷം അപേക്ഷ നൽകിയവരിൽ 38 പേർക്ക് നിയമനം നൽകി. 59 പേർക്ക് നിയമനം നൽകാനുണ്ട്.

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly